പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1868 26-10-2026-ൽ മറുപടിയ്ക്ക്

സംസ്ഥാന സർക്കാരിന്റെ വരുമാന വർദ്ധനവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കുഞ്ഞോളി മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവിനായി വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ചുവടെ വിശദീകരിക്കുന്നു.

സംസ്ഥാനത്തിന്റെ തനത് ജി.എസ്.ടി നികുതി വർദ്ധിപ്പിക്കാനായി വകുപ്പിന്റെ ടാക്സ് പേയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വകുപ്പിന്റെ ഇന്റലിജൻസ്/ എൻഫോഴ്സ്മെന്റ് വിഭാഗം BIFA, ജി.എസ്.ടി പ്രൈം, ഇ-വേ ബിൽ അനലിറ്റിക്സ് പോർട്ടൽ എന്നിവ വഴി റിസ്ക് സ്കോർ കണക്കാക്കി ഇന്റലിജൻസ് പരിശോധനകൾ നടത്തുന്നുണ്ട്. നികുതി കൃത്യമായി അടപ്പിക്കുന്നതിന്റെ ഭാഗമായി ടാക്സ്പേയർ സർവീസസ് വിഭാഗം സ്ക്രൂട്ടിനി, അഡ്ജൂഡിക്കേഷൻ, അസ്സെസ്മെന്റ് നടപടികൾ സമയബന്ധിതമായി നടത്തുന്നു. റിട്ടേണുകൾ സമയബന്ധിതമായി തന്നെ ഫയൽ ചെയ്യിക്കുന്നതിനുള്ള ശ്രമങ്ങളും തുടരുന്നു. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി രൂപീകരിക്കപ്പെട്ട ജില്ലാ തല റവന്യൂ റിക്കവറി ഓഫീസുകൾ കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ബാധകമായ ടേൺ ഓവർ പരിധി കഴിഞ്ഞിട്ടും നികുതി നെറ്റ് വർക്കിൽ വരാത്തവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും നികുതി അടപ്പിക്കുന്നതിനും ആവശ്യമായ നടപടികളും ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം സ്വീകരിക്കുന്നുണ്ട്. മാറിയ കാലഘട്ടത്തിൽ ഡാറ്റ അടിസ്ഥാനമാക്കിയുള്ള നികുതി അഡ്മിനിസ്ട്രേഷന്റെ സാദ്ധ്യതകൾ മനസ്സിലാക്കിക്കൊണ്ട് വകുപ്പിന്റെ ഡിജിറ്റിലൈസേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പുതിയ കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് 64 പുതിയ വാഹനങ്ങൾ വാങ്ങിയത് വഴി ഫീൽഡ് ലെവൽ പ്രവർത്തനശേഷി വർധിപ്പിക്കാനും ഇന്റലിജൻസ് പ്രവത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും അതുവഴി വരുമാന വളർച്ച വേഗത്തിലാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വിഭാഗം, റിസ്ക് അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തുന്നു. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ കാലാനുസൃതമായി നവീകരിക്കുകയും പ്രവർത്തനക്ഷമത വർധിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾക്കായി

29.09.2026-ലെ സ.ഉ.(സാധാ) നമ്പർ 758/2026/നികുതി ഉത്തരവ് പ്രകാരം ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മദ്യവിൽപ്പന വർദ്ധിപ്പിക്കുക എന്നതല്ല സർക്കാരിന്റെ നയം മറിച്ച്, മദ്യത്തിന്റെ ഉപഭോഗം പരമാവധി നിയന്ത്രിക്കുന്നതിനൊപ്പം നിയമാനുസൃതമായ മദ്യവ്യാപാരത്തിലൂടെ സർക്കാരിന് ലഭിക്കേണ്ട നികുതി, നികുതിയേതര വരുമാനം പൂർണമായും സമാഹരിക്കുകയും അനധികൃത മദ്യവ്യാപാരം, നികുതിവെട്ടിപ്പ്, അനധികൃത കടത്ത്, ലൈസൻസ് വ്യവസ്ഥകളുടെ ലംഘനം തുടങ്ങിയവയിലൂടെ ഉണ്ടാകുന്ന വരുമാനച്ചോർച്ച തടയുവാനുമാണ് സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വരുമാന സ്രോതസ്സുകൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിലവിലെ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയാണ്. മദ്യത്തിൽ നിന്നുള്ള നികുതിയേതര വരുമാനമാണ് സംസ്ഥാന എക്സൈസ് വകുപ്പ് പ്രധാനമായും സമാഹരിക്കുന്നത്. എക്സൈസ് ഡ്യൂട്ടി, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, പിഴ ഇനത്തിൽ പിരിച്ചെടുക്കുന്ന തുകകൾ തുടങ്ങിയവയാണ് ഇവയിൽ ഉൾപ്പെടുന്നത്. ഇത്തരത്തിൽ എക്സൈസ് വകുപ്പ് പിരിച്ചെടുക്കുന്ന നികുതിയേതര വരുമാനത്തിന്റെ സമാഹരണം ഫലപ്രദമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

1. സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടിയും, എക്സൈസ് വകുപ്പ് മുഖേന നൽകുന്ന വിവിധ ലൈസൻസുകളും പെർമിറ്റുകളും പുതുക്കി നൽകുന്നതിന് ഈടാക്കുന്ന ഫീസുകളും മുൻകൂറായി തന്നെ ഈടാക്കിവരുന്നു. ഇതിലൂടെ വരുമാനത്തിന്റെ സമയബന്ധിതമായ സമാഹരണം ഉറപ്പാക്കി വരുന്നു.

2. എക്സൈസ് വകുപ്പ് പിരിച്ചെടുക്കുന്ന എല്ലാ നികുതിയേതര വരുമാനങ്ങളും പ്രത്യേകം വരുമാന ശീർഷകങ്ങളിൽ ഓൺലൈൻ മുഖേന സമാഹരിക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ വരുമാന ശേഖരണത്തിലെ സുതാര്യതയും കൃത്യതയും വർദ്ധിപ്പിക്കുകയും നിരീക്ഷണം എളുപ്പമാക്കുകയും ചെയ്യുന്നു.

3. ഓരോ സാമ്പത്തിക വർഷത്തെയും ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരുമാനവും താരതമ്യം ചെയ്ത് വരുമാന സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുകയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ബജറ്റ് ലക്ഷ്യവും യഥാർത്ഥ വരുമാന സമാഹരണവും വിലയിരുത്തി സമാഹരണത്തിൽ പിന്നാക്കം നിൽക്കുന്ന മേഖലകൾ തിരിച്ചറിയുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

4. അനധികൃത മദ്യത്തിന്റെ ഉൽപ്പാദനം, കടത്ത്, സംഭരണം, വിതരണം, വിൽപ്പന എന്നിവ തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ നിയമാനുസൃതമായ മദ്യവ്യാപാരത്തിലൂടെ ലഭിക്കേണ്ട നികുതി നികുതിയേതര വരുമാനത്തിന്റെ ചോർച്ച തടയുന്നതിനും സാധിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ എൻഫോഴ്സ്മെന്റ്, ബോധവൽക്കരണം, ലഹരിമുക്തി, പുനരധിവാസം എന്നിങ്ങനെ പ്രധാനമായും നാലായി തരം തിരിച്ച് "മയങ്ങില്ല കേരളം" എന്ന പേരിൽ ഒരു സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അനധികൃത മദ്യത്തിനും മയക്കുമരുന്നിനും എതിരായ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നത് ഇതിലെ സുപ്രധാന ലക്ഷ്യമാണ്. വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം അബ്കാരി നിയമങ്ങളുടെ ഫലപ്രദമായ നിർവഹണം, അനധികൃത മദ്യവ്യാപാര നിയന്ത്രണം, പൊതുജനാരോഗ്യ സംരക്ഷണം എന്നിവയ്ക്കും വകുപ്പ് ഇതിലൂടെ തുല്യപ്രാധാന്യം നൽകിവരുന്നു. അനധികൃത മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉൽപ്പാദനം, കടത്ത്, സംഭരണം, വിതരണം, വിൽപ്പന എന്നിവ തടയുന്നതിനുള്ള പരിശോധനകളും രഹസ്യവിവരശേഖരണവും നിയമനടപടികളും ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതി വെട്ടിപ്പ് നടത്തി അന്യസംസ്ഥാനങ്ങളിൽ നിന്ന് മദ്യം കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനും ചെക്ക് പോസ്റ്റുകൾ, കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) സംവിധാനം, ബോർഡർ പട്രോളിംഗ്, ഹൈവേ പട്രോളിംഗ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നിയമാനുസൃതമായ നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ നിയമാനുസൃതമായ മദ്യവ്യാപാര സംവിധാനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനും സർക്കാരിന് ലഭിക്കേണ്ട എക്സൈസ് ഡ്യൂട്ടി, ലൈസൻസ് ഫീസ്, മറ്റ് ഫീസുകൾ എന്നിവയുടെ ചോർച്ച തടയുന്നതിനും വരുമാന സമാഹരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. കൂടാതെ, ലൈസൻസികൾ നിശ്ചിത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് പരിശോധിക്കുകയും നിയമലംഘനങ്ങൾ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ ബാധകമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത് നിയമാനുസൃത പ്രവർത്തനങ്ങളിലൂടെ കൂടുതൽ കാര്യക്ഷമമായ വരുമാന സമാഹരണം ഉറപ്പാക്കാൻ സഹായിക്കുന്നു.

മോട്ടോർ വാഹന വകുപ്പ് വരുമാന വർദ്ധനവിനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന പുതിയ ഇലക്ട്രിക് മോട്ടോർ വാഹനങ്ങളുടെ വൺ-ടൈം ടാക്സ് (One-time Tax) ഘടന കാലാനുസൃതമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. VAHAN 4.0, SARATHI 4.0 പ്ലാറ്റ്ഫോമുകൾ വഴി നികുതിയും മറ്റ് സേവന ഫീസുകളും (Registration Fee, Licence Fee, Fitness Fee etc.) അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഓൺലൈനായി ശേഖരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡ് സുരക്ഷാ പരിശോധനകളും ഇ-ചെലാൻ സംവിധാനവും ശക്തിപ്പെടുത്തി ഗതാഗത നിയമലംഘനങ്ങൾ തടയുകയും നിയമലംഘനങ്ങളിൽ നിന്ന് പിഴ ഈടാക്കുന്നത് കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

നികുതി കുടിശിക ശേഖരണം മെച്ചപ്പെടുത്തുന്നതിനായി കുടിശ്ശികയുള്ള വാഹന ഉടമകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകുകയും നികുതി ഒടുക്കാത്ത വാഹനങ്ങൾക്കെതിരെ റവന്യു റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സർക്കാർ ഖജനാവിലേക്ക് ലഭ്യമാകുന്ന നികുതി വരുമാനത്തിൽ സിംഹഭാഗവും ലഭിക്കുന്നത് ആധാര രജിസ്ട്രേഷനിലൂടെയാണ്. ആധാരത്തിന്റെ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും വിലയെയും ന്യായവിലയെയും അടിസ്ഥാനമാക്കിയായതിനാൽ ന്യായവില ശാസ്ത്രീയമായും സമഗ്രമായും പരിഷ്കരിക്കുന്നതിനായുള്ള നടപടികൾ 2026-2027 പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്നതാണ്. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന അണ്ടർവാല്യൂവേഷൻ കേസുകൾ ഒറ്റത്തവണയായി തീർപ്പാക്കി കുടിശികയായി കിടക്കുന്ന വരുമാനം ഈടാക്കുന്നതിലേക്ക് നികുതി(ജെ) വകുപ്പിന്റെ 05/09/2026 തിയതിയിലെ G.O(P) No.77/2026/ടാക്സസ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1986 മുതൽ 2023 മാർച്ച് 31 വരെയുള്ള അണ്ടർവാല്യൂവേഷൻ കേസുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

ലാൻഡ് റവന്യൂ വകുപ്പിന്റെ വരുമാന വർദ്ധനവിനായി 03.10.2026 തീയതിയിലെ സ.ഉ.(കൈ) നം.287/2026/RDനമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2026-27 സാമ്പത്തിക വർഷത്തിൽ ലാൻഡ് റവന്യൂ / റവന്യൂ റിക്കവറി പിരിവ് ഊർജ്ജിതമാക്കുന്നതിനായി പ്രത്യേക ഊർജ്ജിത പിരിവ് യജ്ഞം 2026-27 മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരമുള്ള പിരിവ് ഊർജ്ജിതമാക്കുന്നതിന് ജില്ലാ കളക്ടർമാർ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, സംസ്ഥാന - ജില്ലാ തലങ്ങളിലുള്ള കാര്യമായ അവലോകനങ്ങളും കേരള കെട്ടിട നികുതി കുടിശ്ശിക പിരിവ് നടത്തുന്നതിനായി പ്രത്യേക പരിശോധനകളും താലൂക്ക് തലത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തനങ്ങളും നടത്തുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതാണ്.

മൈനിംഗ് & ജിയോളജി വകുപ്പ് 31/03/2023 തീയതിയിലെ G.O(P) No. 38/2023/ ഐഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01/04/2023 മുതൽ ധാതുക്കളുടെ റോയൽറ്റി നിരക്കുകളും 17/01/2026 തീയതിയിലെ G.O(P) No. 2/2026/ഐഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിവിധ മിനറൽ കൺസഷനുകൾക്കുള്ള അപേക്ഷാ ഫീസുകളും അനുബന്ധ ചാർജ്ജുകളും വർദ്ധിപ്പിച്ച് വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പിന്റെ 20/06/2025 തീയതിയിലെ 163/2025-26/ഡിഎംജി/1562/2025-റ്റി1 ഉത്തരവ് പ്രകാരം ലാബ് ഫീസുകളും പര്യവേഷണ നിരക്കുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

കേരളത്തിൽ ഉയർന്ന നിരക്കിൽ നികുതിയേതര വരുമാനം സർക്കാരിലേക്ക് സംഭാവന ചെയ്യുന്ന വകുപ്പാണ് സംസ്ഥാന ഭാഗ്യക്കുറി. നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളും

വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകളും വിപണിയിലെത്തിച്ചു വില്പന നടത്തിവരുന്നു. പ്രതിവാര ഭാഗ്യക്കുറികളുടെ നിലവിലെ സമ്മാന ഘടന പ്രകാരം അച്ചടിക്കാവുന്ന പരമാവധിയായ ഒരു കോടി എട്ടു ലക്ഷം ടിക്കറ്റുകളും അച്ചടിച്ച് വിൽപ്പന നടത്തിവരുന്നു. വരുമാനം വർധിപ്പിക്കുന്നതിനായി നിലവിലെ 12 പരമ്പരകൾ 15 പരമ്പരകളായി ഉയർത്തി ആകർഷകമായ സമ്മാന ഘടനയോടെ ഭാഗ്യക്കുറി പുനഃസംഘടിപ്പിച്ച് അച്ചടി വർധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗാർഹിക,വ്യാപാര,വ്യാവസായിക ഉപഭോക്താക്കൾക്ക് വ്യത്യസ്ത സ്ലാബുകളിൽ നികുതിയും മറ്റ് സേവനങ്ങൾക്കുള്ള ഫീസും ഏർപ്പെടുത്തുനാകുമോ എന്ന് വ്യക്തമാക്കാമോ;

മറുപടി: 2017 ജൂലൈ 1-ന് ചരക്ക് സേവന നികുതി (GST) നിയമം നിലവിൽ വന്നതോടെ, പ്രസ്തുത നിയമം രാജ്യത്തൊട്ടാകെ ബാധകമാവുകയും ഒട്ടുമിക്ക ചരക്കുകളുടെയും സേവനങ്ങളുടെയും മേൽ പരോക്ഷ നികുതി ഈടാക്കേണ്ടത് ഈ നിയമ പ്രകാരമാവുകയും ചെയ്തു. പ്രസ്തുത നിയമത്തിൽ സാധനങ്ങളെയും സേവനങ്ങളെയും വർഗീകരിക്കുന്നതിനും നികുതി നിരക്ക് നോട്ടിഫൈ ചെയ്യുന്നതിനും പൊതുവായി ഉപയോഗിക്കുന്ന മാനദണ്ഡം HSN കോഡ് / SAC കോഡ് ആണ്. പ്രസ്തുത നിയമ സമ്പ്രദായത്തിൽ ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള നികുതി നിരക്കുകളും സ്ലാബുകളും നിശ്ചയിക്കുന്നത് ജി.എസ്.ടി. കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. സംസ്ഥാന സർക്കാരുകൾക്ക് മാത്രമായി ഏതെങ്കിലും ഉത്പന്നങ്ങൾക്കോ സേവനകൾക്കോ പ്രത്യേകമായ വർഗീകരണം അടിസ്ഥാനപ്പെടുത്തിയോ അല്ലാതെയോ പരോക്ഷ നികുതി എന്ന നിലയിൽ പ്രത്യേക നികുതിയോ ഫീസോ ഏർപ്പെടുത്താൻ ജി.എസ്.ടി നിയമവ്യവസ്ഥ പ്രകാരം സാധ്യമല്ല.

(സി) ബ്രാൻഡഡ് കാർഷിക വിളകൾ, ആഡംബര വാഹനങ്ങളുടെ സ്പെയർ പാർട്ട്സുകൾ തുടങ്ങിയവയ്ക്ക് സെസ് ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനാകുമോ എന്ന് വ്യക്തമാക്കാമോ;

മറുപടി: ബ്രാൻഡഡ് കാർഷിക വിളകൾ, ആഡംബര വാഹനങ്ങളുടെ സ്പെയർപാർട്ട്സുകൾ തുടങ്ങിയവയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജി.എസ്.ടി നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത നിയമ സമ്പ്രദായത്തിൽ ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള നികുതി നിരക്കുകളും സ്ലാബുകളും നിശ്ചയിക്കുന്നത് ജി.എസ്.ടി. കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. സംസ്ഥാന സർക്കാരുകൾക്ക് മാത്രമായി ഇത്തരം ഉത്പന്നങ്ങളുടെ മേൽ സെസ് ഏർപ്പെടുത്താനുള്ള തീരുമാനം കൈക്കൊള്ളാൻ സാധ്യമല്ല.

(ഡി) 2026 മാർച്ച് 31 തീയതി പ്രകാരം സംസ്ഥാന സർക്കാരിന് ലഭ്യമാകാനുള്ള നികുതി കുടിശിക എത്രയാണ് എന്നും ഏതെല്ലാം നികുതികളിൽ ആണ് കുടിശ്ശിക ഉണ്ടായിട്ടുള്ളതെന്നും വിശദമാക്കാമോ;

മറുപടി: **ജി. എസ്. ടി വകുപ്പ്–** സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി ഇതര നിയമങ്ങളായ Kerala Value Added Tax Act (KVAT Act),

Kerala General Sales Tax Act (KGST Act), Agricultrual Income Tax Act (AIT Act) എന്നിവയുടെ കീഴിൽ 2025-26 സാമ്പത്തിക വർഷം 31.03.2026 വരെ ഉള്ള കണക്കുകൾ പ്രകാരം 11847.26 കോടി രൂപയാണ് കുടിശ്ശിക. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 5505.95 കോടി രൂപയും 5495.81 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 845.5 കോടി രൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ഇനം	**കുടിശ്ശിക 31.03.2026 വരെ (കോടി രൂപ)**	**സ്റ്റേ (കോടി രൂപ)**	**റവന്യൂ റിക്കവറി (കോടി രൂപ)**	**മറ്റ് നടപടികൾ (റൈറ്റ് ഓഫ്, അപ്പീൽ, നോട്ട് കളക്ടബിൾ, എൻ ആർ സി) (കോടി രൂപ)**
വാറ്റ്	9514.32	4417.60	4541.18	555.54
കെ ജി എസ് ടി	2310.38	1073.02	951.49	285.88
എ ഐ ടി	22.56	5.19	13.28	4.08
ആകെ	**11847.26**	**5495.81**	**5505.95**	**845.50**

2025-2026 സാമ്പത്തിക വർഷം 31/03/2026 വരെ ജി.എസ്.റ്റി നികുതി ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	**കുടിശ്ശിക 31.03.2026 വരെ (കോടി രൂപ)**	**സ്റ്റേ (കോടി രൂപ)**	**റവന്യൂ റിക്കവറി (കോടി രൂപ)**	**മറ്റ് നടപടികൾ (റൈറ്റ് ഓഫ്, അപ്പീൽ, നോട്ട് കളക്ടബിൾ, എൻ ആർ സി) (കോടി രൂപ)**
ജി എസ് ടി നികുതി കുടിശ്ശിക (അഡ്ജ്യൂഡിക്കേഷനിൽ)	6549.92	1805.35	3463.10	1281.47

ജി എസ് ടി നികുതി കുടിശ്ശിക (അസ്സെസ്സ്മെന്റ്)	1570.65	387.87	971.67	211.11
ആകെ	**8120.57**	**2193.22**	**4434.77**	**1492.58**

എക്സൈസ് വകുപ്പ്– എക്സൈസ് വകുപ്പിൽ നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാൻ തുകയൊന്നുമില്ല. എക്സൈസ് വകുപ്പിന്റെ എല്ലാ നികുതിയും, മുൻകൂറായി ഓൺലൈൻ സംവിധാനത്തിലൂടെ സമാഹരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ പഴയ അബ്കാരി കുടിശിക ഇനത്തിൽ, 2026 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് 60,79,08,025/- രൂപ മുതലും, 252,43,68,213/- രൂപ പലിശയുമായി ആകെ 313,22,76,238/- രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

മോട്ടോർ വാഹന വകുപ്പ് - 2026 മാർച്ച് 31 തീയതി വരെ നികുതിയിനത്തിൽ 1287 കോടി രൂപ കുടിശ്ശികയുണ്ട്. പ്രധാനമായും ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയാണ് കുടിശ്ശികയായിട്ടുള്ളത്.

രജിസ്ട്രേഷൻ വകുപ്പ്– 2026 മാർച്ച് 31 അടിസ്ഥാനമാക്കി അണ്ടർവാല്യുവേഷൻ കേസുകളുടെ ഭാഗമായി 2,18,240 കേസുകളിലായി സ്റ്റാമ്പ് ഇനത്തിൽ 819,34,27,121/- രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 207,57,12,322/- രൂപയും ഉൾപ്പടെ ആകെ 1026,91,39,443/- രൂപയാണ് നികുതി കുടിശ്ശികയായി ലഭ്യമാകാനുണ്ടായിരുന്നത്.

ലാൻഡ് റവന്യൂ – 2026 മാർച്ച് 31 ലെ ഡി.സി.ബി പ്രകാരം ലാൻഡ് റവന്യൂവുമായി ബന്ധപ്പെട്ട് പിരിക്കാവുന്ന മുതൽ 1149.47 കോടി രൂപയും ആയതിൽ ആകെ പിരിവ് വന്നിട്ടുള്ളത് 1092.35 കോടി രൂപയുമാണ്. ഭൂനികുതി (0.25 കോടി), അടിസ്ഥാന ഭൂനികുതി ഒഴികെയുള്ള മറ്റ് നികുതികൾ (14.86 കോടി), കെട്ടിട നികുതി (15.96 കോടി), ആഢംബര നികുതി (അധിക നികുതി) (16.88 കോടി), തോട്ട നികുതി (1.36 കോടി), ഇറിഗേഷൻ സെസ്സ് (1.25 കോടി), പാട്ട നികുതി (6.57 കോടി) തുടങ്ങിയ നികുതി ഇനങ്ങളിലാണ് കുടിശ്ശിക ഉണ്ടായിട്ടുള്ളത്.

(ഇ) സംസ്ഥാന സർക്കാരിന് ലഭ്യമാകാനുള്ള നികുതി കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: സംസ്ഥാന ജി.എസ്.റ്റി നികുതി കുടിശ്ശിക പിരിക്കുന്നത് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ പ്രത്യേക റവന്യൂ റിക്കവറി വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗം കുടിശ്ശികകൾ പിരിക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട കേസുകൾ റവന്യൂ വകുപ്പിന് ശുപാർശ ചെയ്യുന്നു. അപ്പീലുകൾ, കോടതി വ്യവഹാരങ്ങൾ

എന്നിവയിൽ ഉൾപ്പെട്ട കേസുകൾ കൃത്യമായി നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും, അപ്പീലുകൾ തീർപ്പാകുകയോ സ്റ്റേ ഉത്തരവുകളുടെ കാലാവധി അവസാനിക്കുകയോ ചെയ്താൽ കാലതാമസം കൂടാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജി.എസ്.ടി. പൂർവ്വനിയമങ്ങൾക്കു കീഴിലെ നികുതി കുടിശ്ശികകൾ, ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 142 പ്രകാരം ജി.എസ്.ടി കുടിശ്ശികയായി പരിഗണിച്ചു ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

എക്സൈസ് വകുപ്പിൽ ഓൺലൈൻ സംവിധാനത്തിലൂടെ നികുതി മുൻകൂറായി സമാഹരിക്കുന്നതുകൊണ്ട് നികുതി പിരിക്കുന്നതിന് മറ്റു പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ അബ്കാരി കുടിശിക ഈടാക്കുന്നതിനായി എല്ലാ കുടിശിക കേസുകളും റവന്യു റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതും, റിക്കവറി നടപടികൾ റവന്യു വകുപ്പ് മുഖാന്തരം തുടർന്ന് വരുന്നതുമാണ്. കൂടാതെ വകുപ്പ് തലത്തിൽ, കുടിശികകൾ തീർപ്പാക്കുന്നതിനായി, 23.01.2026 തീയതിയിലെ സ.ഉ.(കൈ) നം.03/2026/TAXES നമ്പർ ഉത്തരവ് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിന് 28.02.2026 തീയതി വരെയും തുക ഒടുക്കുവരുത്തുന്നതിന് 31.03.2026 വരെയും കാലപരിധി നിശ്ചയിച്ചു കൊണ്ട് ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) എക്സൈസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. തുടർന്ന് 11.03.2026 തീയതിയിലെ സ.ഉ.(കൈ) നം.16/2026/TAXES നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി ആംനസ്റ്റി പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 31.12.2026 വരെയും തുക ഒടുക്കു വരുത്തുന്നതിനുള്ള തീയതി 31.03.2027 വരെയും ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതുമാണ്.

മോട്ടോർ വാഹന വകുപ്പ് നികുതികുടിശിക ശേഖരണം മെച്ചപ്പെടുത്തുന്നതിനായി കുടിശ്ശികയുള്ള വാഹന ഉടമകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകുകയും നികുതി ഒടുക്കാത്ത വാഹനങ്ങൾക്കെതിരെ റവന്യു റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നികുതി കുടിശ്ശികയുള്ള വാഹനങ്ങൾക്ക് VAHAN സോഫ്റ്റ്വെയറിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കൽ, ഉടമസ്ഥാവകാശ മാറ്റം, പെർമിറ്റ് പുതുക്കൽ തുടങ്ങി വിവിധ സേവനങ്ങൾ തടഞ്ഞുവെക്കുന്നതു വഴി അത്തരം വാഹനങ്ങളിൽ നിന്നുള്ള നികുതി കുടിശ്ശിക ഈടാക്കുവാനായി കഴിയുന്നുണ്ട്.

രജിസ്ട്രേഷൻ വകുപ്പിന്റെ കുടിശിക കേസുകളിൽ സമയബന്ധിതമായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിലുപരിയായി ഏറെക്കാലമായി കുടിശ്ശികയായി കെട്ടിക്കിടക്കുന്ന അണ്ടർ വാല്വേഷൻ കേസുകൾക്കായി 2026-27 ലെ പുതുക്കിയ ബജറ്റിൽ പുതിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളതും (G.O.(P)No.77/2026/TAXES) ആയത് 05.09.2026 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. 01.01.1986 മുതൽ 31.03.2023 വരെയുള്ള കേസുകളാണ് ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി പ്രകാരം നാളിതുവരെ 314 കേസുകൾ തീർപ്പാക്കിയതിലൂടെ 68,17,024/-

(അറുപത്തെട്ട് ലക്ഷത്തി പതിനേഴായിരത്തി ഇരുപത്തിനാല്) രൂപയും, 2026 മാർച്ച് 31 ന് ശേഷം സ്കീമിൽ ഉൾപ്പെടാത്ത 2345 കേസുകൾ തീർപ്പാക്കിയതിലൂടെ 5,56,13,897/- (അഞ്ചു കോടി അൻപത്താറ് ലക്ഷത്തി പതിമൂവായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയേഴ്) രൂപയും പിരിച്ചെടുത്തിട്ടുള്ളതാണ്.

ലാൻഡ് റവന്യൂ വകുപ്പ് കുടിശ്ശികകൾ പിരിച്ചെടുക്കാനായി സംസ്ഥാന-ജില്ലാ തലങ്ങളിലുള്ള കൃത്യമായ അവലോകനങ്ങളും, പ്രത്യേക പരിശോധനകളും സമാഹരണ യജ്ഞങ്ങളും താലൂക്ക് തലത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തനങ്ങളും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ